**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4567** **29-10-2021 - ൽ മറുപടിയ്ക്ക്**

**വനാവകാശ നിയമപ്രകാരമുള്ള അവകാശ രേഖകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2006 ലെ വനാവകാശ നിയമത്തെക്കുറിച്ച് വിശദമാക്കാമോ; | (എ) | തലമുറകളായി കാട്ടിൽ താമസിച്ച വരുന്ന പട്ടിക ഗോത്ര വിഭാഗങ്ങൾക്കും, മറ്റ് പരമ്പരാഗത വനവാസികൾക്കും (മൂന്ന തലമുറകൾ അഥവാ 75 വർഷത്തിനുമേൽ കാട്ടിൽ താമസിച്ച വരുന്നവർ) വനഭൂമിയ്ക്കും, വനവിഭവങ്ങൾക്കും മേൽ ഏതാനും നിബന്ധനകളോട്ടുകൂടി അവകാശങ്ങൾ അംഗീകരിച്ച കൊടുക്കുന്ന നിയമമാണ് 2006-ലെ വനാവകാശ നിയമം (The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act, 2006). വ്യക്തിഗതാവകാശം (Individual Rights), സാമൂഹികാവകാശം (Community Rights), വികസനാവകാശം (Development Rights) എന്നിങ്ങനെ 3 തരം അവകാശങ്ങളാണ് വനാവകാശ നിയമ പ്രകാരം ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച വരുന്നത്. വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. റവന്യൂ, വനം വകുപ്പുകൾ ഇതിന് ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തു വരുന്നു. ഈ നിയമം വഴി 13.12.2005 വരെ ഓരോ ആദിവാസി കുടുംബവും കൈവശംവച്ച് കൃഷി ചെയ്ത് വന്ന ഭൂമിയിൻമേൽ വ്യക്തിഗത കൈവശാവകാശം കൽപ്പിച്ച നൽകുന്നു. ഒരു കുടുംബത്തിന് അവർ കൈവശം വയ്ക്കുന്ന [പരാമാവധി 4 ഹെക്ടർ (10 ഏക്കർ) വരെ] ഭൂമിക്ക് ഇപ്രകാരം അവകാശമുണ്ടായിരിക്കും. കൈവശാവകാശം ലഭിച്ച ഭൂമിയിൽ വീടുവച്ച് താമസിക്കുന്നതിനും, ഉപജീവനത്തിനായി കൃഷി ചെയ്യുന്നതിനും അവകാശമുണ്ട്. വനാവകാശ നിയമ പ്രകാരം ലഭിച്ച ഭൂമിയിൻമേൽ പിൻതുടർച്ചാവകാശം ലഭിക്കുന്നതാണ്. എന്നാൽ, ഈ ഭൂമി കൈമാറ്റം ചെയ്യുവാൻ നിയമം നിഷ്കർഷിക്കുന്നില്ല. വനാവകാശ നിയമ പ്രകാരം ചെറുകിട വനവിഭവങ്ങൾ |

| | | | |
|---|---|---|---|
| | | | ശേഖരിക്കുന്നതും, വിൽപ്പന നടത്തുന്നതും ആദിവാസികളുടെ അവകാശമാണ്. ചെറുകിട വനവിഭവ ശേഖരണം വനാവകാശ നിയമ പ്രകാരം ആദിവാസികളുടെ സാമൂഹികാവകാശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ, സ്കൂൾ, ഡിസ്പെൻസറി/ഹോസ്പ്പിറ്റൽ, കമ്മ്യൂണിറ്റി സെന്റർ, അംഗൻവാടി, ന്യായവില ഷോപ്പ്, കുളങ്ങൾ/ചെറിയ ജല സംഭരണികൾ, മഴവെള്ള-ജലസംഭരണികൾ, റോഡുകൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ തുടങ്ങി സമൂഹത്തിന് പൊതുവായുള്ള 13 അടിസ്ഥാന വികസനാവശ്യങ്ങൾക്കു വേണ്ടി പരമാവധി ഒരു ഹെക്ടർ ഭൂമി വരെ (ഒരു ഹെക്ടറിൽ 75 ലേറെ മരങ്ങൾ മുറിക്കാനിടവരാത്ത വിധം) ലഭിക്കുന്നതിനുള്ള അവകാശവും (വികസനാവകാശം) വനാവകാശ നിയമം അനുഭാവനം ചെയ്യുന്നു. 2006ലെ കേന്ദ്ര വനാവകാശ നിയമത്തിന്മേലുള്ള കേന്ദ്ര ചട്ടങ്ങൾ നിലവിൽ വന്ന 01-01-2008 മുതൽ തന്നെ കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. വനാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ ആദ്യപടിയായി ബന്ധപ്പെട്ട ഗ്രാമ സഭകൾക്കാണ് സമർപ്പിക്കുന്നത്. കേരളത്തിൽ ഊരുകൂട്ടങ്ങളെയാണ് ഗ്രാമസഭകളായി അംഗീകരിച്ചിട്ടുള്ളത്. ഗ്രാമസഭകൾ ടി അപേക്ഷകൾ പരിശോധിച്ച് ഉചിതമായവ തുടർ നടപടികൾക്കായി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിക്കും തുടർന്ന് ജില്ലാ തല കമ്മിറ്റിയ്ക്കും കൈമാറുന്നു. ജില്ലാ തല കമ്മിറ്റി ആവശ്യമായ പരിശോധനകൾക്കുശേഷം പാസ്സാക്കുന്ന അപേക്ഷകളിന്മേൽ ടൈറ്റിലുകൾ [Record of Rights (RoR)] നൽകുന്നു. ഈ നിയമം കേരളത്തിൽ പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത നിയമപ്രകാരം എത്ര വ്യക്തിഗത അവകാശരേഖകൾ, സാമൂഹിക അവകാശ രേഖകൾ, വികസന അവകാശ രേഖകൾ എന്നിവ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം 2021 ആഗസ്റ്റ് മാസം വരെ വ്യക്തിഗത അവകാശങ്ങക്കായി ലഭിച്ച അപേക്ഷകളിൽ ഉചിതമായതും, നടപടി ക്രമങ്ങൾ പൂർത്തിയാക്കി ജില്ലാതല കമ്മിറ്റി പാസ്സാക്കിയതുമായ 27698 അപേക്ഷകളിൽ 26600 ടൈറ്റിലുകൾ നൽകിയിട്ടുണ്ട്. സാമൂഹ്യാവകാശങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ ഉചിതമായതും, നടപടി ക്രമങ്ങൾ പൂർത്തിയാക്കി ജില്ലാതല കമ്മിറ്റി പാസ്സാക്കിയതുമായ 383 അപേക്ഷകളിൽ 174 ടൈറ്റിലുകൾ നൽകിയിട്ടുണ്ട്. അതു പോലെ വികസനാവശ്യങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ ഉചിതമായതും, നടപടി ക്രമങ്ങൾ പൂർത്തിയാക്കിയതുമായ 657 അപേക്ഷകളിൽ 503 ടൈറ്റിലുകളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ